ശ്രീ. കെ. ടി. കണാരൻ :

,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനു മുൻപ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഇതിനു വേണ്ടി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. എന്നാൽ വില്ലേജടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുന:സംഘടിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

760. [1249] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ കാലതാമസത്തെ സംബന്ധിച്ച് എന്തെങ്കിലും കേസ് കേരള ഹൈക്കോടതിയിൽ നിലവിലുണ്ടോ ?

ഉത്തരം

ഈ വിഷയത്തിൽ ഒ. പി. 10700/85 നമ്പരായി ഒരു കേസ് നിലവിലുണ്ട്.

പഞ്ചായത്ത് സ്റ്റാഫ് കൗൺസിൽ

761. [1250] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ഡിപ്പാർട്ടുമെന്റൽ സ്റ്റാഫ് കൗൺസിൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജില്ലകളിൽ ഇവ എന്നാണ് നിലവിൽ വന്നത് ;

(സി) ജില്ലാ കൗൺസിലുകൾ 3 മാസത്തിൽ ഒരിക്കലെങ്കിലും കൂടണമെന്ന് നിർദ്ദേശം ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കാത്ത ജില്ലകൾ ഏതെല്ലാമാണ് ;

(ഇ) ഓരോ ജില്ലയിലും സ്റ്റാഫ് കൗൺസിലുകൾ അവസാനമായി കൂടിയ തീയതികൾ പറയാമോ ;

(എഫ്) ഇത്തരം കൗൺസിലുകൾ കാര്യക്ഷമമായി നടപ്പിലാക്കാനും യോഗങ്ങൾ സമയത്തുതന്നെ നടത്താനും ജില്ലാ പഞ്ചായത്ത് ആഫീസർമാർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളൊഴികെ മറ്റ് 12 ജില്ലകളിൽ 3-4-1984 മുതൽ സ്റ്റാഫ് കൗൺസിൽ നിലവിൽവന്നു.

LIBRARY ARCHIVES Kerala Legislative Assembly